MR. N. DANIEL JOSE: Before withdrawing this resolution I crave permission for one or two minutes to make a personal explanation on what I said. I am sure Sir, that the esteemed member who made frequent references to conservatives, to their feet being on the ground.....

MR. DEPUTY PRESIDENT : മറ്റുള്ള മെമ്പറന്മാക്ക് മറുപടി പറയത്തക്ക നിലയിലുള്ള പ്രസ്താവനകളും പ്രസംഗങ്ങളും ചെയ്യാനുള്ള സമയം ഇതല്ല. ബഹു. മെംബർ ഈ പ്രമേയം പിൻവലിക്കുന്നോ ഇല്ലയോ എന്നു പറഞ്ഞാൽ മാത്രം മതി.

MR. N. DANIEL JOSE: Sir, I have a right to make a personal explanation on what I said ?

MR. DEPUTY PRESIDENT: At the same time you should not reply to the members who have replied to you.

MR. N. DANIEL JOSE: I am not replying to them. I am making a personal explanation. I just wanted to refer the context in which I was speaking. I just mentioned that the esteemed member will not want me to repeat what Mr. Barnad Shaw said about conservatives and people above 40.

Sir, since an assuarance has been given by the Hon'ble Minister regarding the improvement of the library, I request the Permission of the House to withdraw the resolution.

The resolution was, by leave, withdrawn.

RESOLUTION RE: BASIC TAX.

MR. P. NANOO : സർ, ഞാൻ താഴെക്കാണുന്ന പ്രമേയം അവതരിപ്പിച്ചുകൊള്ളുന്നു.

"സംസ്ഥാനത്തുള്ളതും ഈ അസംബ്ലിയുടെ അധികാരാതിത്തിയിൽപ്പെട്ടതുമായ എല്ലാ നിലം പുരയിടങ്ങളിലും അടിസ്ഥാനനികുതി മാത്രം ചുമത്തിയും നിലവിലിരിക്കുന്ന ജന്മിക്കരം തിരിപ്പുവാരം ഇവ നടുത്തൽ ചെയ്യും വേണ്ട നിയമനിർമ്മാണം നടത്തണമെന്ന് ഈ അസംബ്ലി അഭിപ്രായപ്പെടുന്നു."

ഈ സംസ്ഥാനത്തെ ഒരു വലിയ ഭൂരിപക്ഷം വരുന്ന കർഷകരുടെ ഭൂനികുതി സംബന്ധിച്ചുള്ള സങ്കടത്തിനു പരിഹാരം ഉണ്ടാവണം എന്നുള്ള ഉദ്ദേശത്തോടുകൂടിയാണ് ഞാൻ ഈ പ്രമേയം അവതരിപ്പിക്കുന്നത്.

കഴിഞ്ഞ അസംബ്ലിയിൽ എതാണ്ട് ഇതുപോലെയുള്ള ഒരു പ്രമേയം ഞാൻ അവതരിപ്പിച്ചിരുന്നു. ആ പ്രമേയത്തിനു ലിസ്റ്റിൽ ഒന്നാമതായിത്തന്നെ ബാലറ്റു കിട്ടി. എന്നാൽ ചില സാങ്കേതികതടസ്സങ്ങൾ ഉന്നയിച്ചുകൊണ്ട് ആ പ്രമേയം ചർച്ചാവിഷയമാക്കാൻ പ്രസിഡൻറ

LIBRARY ARCHIVES Kerala Legislative Assembly

[Mr. P. Nanoo]

വർക്കും വിസമ്മതിക്കുകയാണുണ്ടായത്. ഈ പ്രാവശ്യവും അതേ പ്രമേയം തന്നെ ചില ഭേദഗതികളോടുകൂടി ഞാൻ അയച്ചു. അഞ്ചാം സ്ഥാനമാണു അതിനു കിട്ടിയതെങ്കിലും ഇപ്പോൾ അതു വാദപ്രതിവാദ വിഷയമായി വന്നിരിക്കുകയാണ്. എന്റെ അഭിപ്രായത്തിൽ ഈ പ്രമേയത്തിനു് ആദ്യത്തെ സ്ഥാനം തന്നെ നൽകേണ്ടതാണു്. പക്ഷെ ആ കാര്യത്തിൽ അഭിപ്രായവ്യത്യാസം വന്നേക്കാം. കർഷകർ ഏറെ ക്കാലമായി അനുഭവിച്ചുകൊണ്ടിരിക്കുന്ന സങ്കടത്തിനു് ഒരല്പമെങ്കിലും പരിഹാരം ഉണ്ടാക്കിക്കൊടുക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണു് ഞാൻ ഈ പ്രമേയം കൊണ്ടുവന്നിരിക്കുന്നതു്. തലമുറ തലമുറയായി അവർ സഹിക്കാൻ പാടില്ലാത്ത ആക്ഷേപം സഹിച്ചുകൊണ്ടാണിരിക്കുന്നതു്. ഈ പ്രമേയത്തിൽ "സംസ്ഥാനത്തുള്ളതും ഈ അസംബ്ലിയുടെ അധികാരാതീതിയിൽപ്പെടുന്നതുമായ എല്ലാ നിലം പുരയിടങ്ങളും" മാത്രമേ ഉൾപ്പെടുത്തിയിട്ടുള്ളൂ.

MR. N. V. CHACKO : മറ്റുള്ള നിലംപുരയിടങ്ങളേക്കൂടി ഉൾപ്പെടുത്തരുതോ?

MR. P. NANOO : ഉൾപ്പെടുത്തണമെന്നതന്നെയാണു് എന്റെ അഭിപ്രായം. പക്ഷെ ഈ പ്രമേയത്തിൽ ഉൾപ്പെടുത്തുവാൻ അവകാശമില്ല. ഉൾപ്പെടുത്തിയാൽ തീർന്നു. ഇതുകൂടി പൊയ്പ്പോകും. കഴിഞ്ഞ തവണ ഞാൻ അയച്ച പ്രമേയം എല്ലാ നിലം പുരയിടങ്ങളേയും ഉൾപ്പെടുത്തിക്കൊണ്ടായിരുന്നു. പക്ഷെ ആ കാരണത്താൽ ആ പ്രമേയം വാദപ്രതിവാദത്തിനെടുക്കുവാനേ നിവൃത്തിയില്ലെന്നു വന്നു. സാങ്കേതികമായ യാതൊരു തടസ്സവും ഉണ്ടാകരുതെന്നുള്ള ഉദ്ദേശത്തോടുകൂടിയാണു് ഞാൻ ഈ പ്രമേയം ഈ രൂപത്തിൽ ഹാജരാക്കിയിട്ടുള്ളതു്. അടിസ്ഥാന നികുതിയുടെ വ്യാപ്തിയിൽനിന്നും ശ്രീപാദംവസ്തുക്കളേയും കണ്ടുകൃഷിവസ്തുക്കളേയും കൂടി ഒഴിവാക്കിയിട്ടുണ്ട്. അവ ഇടക്കാലഗവണ്മെന്റ് അതതു നാളാം വകുപ്പുമൂലം ഇടക്കാലഗവണ്മെന്റിന്റെ അധികാരപരിധിയിൽ നിന്നും ഒഴിവാക്കപ്പെട്ടിരിക്കുന്നതുകൊണ്ടു് ഈ സഭമുഖേനയോ അല്ലെങ്കിൽ മന്ത്രിസഭമുഖേനയോ യാതൊരു തിരുമാനവും ചെയ്യുവാൻ നിവൃത്തിയില്ല. ശ്രീപാദം വകയോ കണ്ടുകൃഷിവകയോ ആയ വസ്തുക്കൾക്കു് അടിസ്ഥാനനികുതിയനുസരിച്ചു കരം ഇടാക്കാവു എന്നു കാണിച്ചു കുടിയാന്മാർ മഹാരാജാവുതിരുമനസ്സിലേക്കു് മെമ്മോറിയൽ സമർപ്പിച്ചിട്ടുണ്ട്. തിരുമനസ്സുകൊണ്ടു് കൽപ്പിച്ചു് അവരുടെ സങ്കടങ്ങൾക്കു് പരിഹാരമുണ്ടാക്കിക്കൊടുക്കുമെന്നു ഞാൻ പരിപൂർണ്ണമായി വിശ്വസിക്കുന്നു. അക്കാര്യത്തിനു് അവിടം കൊണ്ടു മാത്രമേ നിവൃത്തിമാർഗ്ഗമുള്ളൂ എന്നു തിരുമനസ്സിനറിയാം.

LIBRARY ARCHIVES Kerala Legislative Assembly

നമുക്കിപ്പോൾ ആലോചനാവിഷയമായിരിക്കുന്നത് ഈ സഭയുടെ അധികാരപരിധിയിൽപ്പെടുന്ന വസ്തുക്കളെ സംബന്ധിച്ചുള്ള കാര്യങ്ങൾ മാത്രമാണ്. എന്റെ പ്രമേയം രണ്ടാക്കിത്തിരിക്കാം. ആദ്യം അടിസ്ഥാനനികുതി നടപ്പാക്കേണ്ട വസ്തുക്കൾ, രണ്ടാമത് തിരിപ്പുവാരം, കരം ഇവ ഒഴിവാക്കേണ്ട വസ്തുക്കൾ. ആദ്യത്തെ ഇനത്തിൽ പെട്ടത് ഇടവകവസ്തുക്കൾ മാത്രമാണെന്നു കാണുന്നു. ശ്രീപാദത്തെ ഒഴിവാക്കിയാൽ നാലിടവകകളാണ് ഇവിടെ ഉള്ളതായി കാണുന്നത്. (ക) കിളിമാന്തൂർ ഇടവക (ഖ) ഇടപ്പള്ളി സ്വരൂപം (ഗ) പൂഞ്ഞാർ (ഘ) വഞ്ഞിപ്പുഴ.

കിളിമാന്തൂർ ഇടവകയിലെ വസ്തുക്കൾ ഒരിക്കൽ നമ്മുടെ രാജകുടുംബത്തിന്റെ വകയായിരുന്നു; അല്ല ഇന്നും നമ്മുടെ രാജകുടുംബത്തിന്റെ വകയാണ്. ൻന്ത്ര മുതൽ ൻ൬ വരെ തിരുവിതാംകൂർ രാജ്യം ഭരിച്ചിരുന്ന രാമവർമ്മ മഹാരാജാവിന് ബാല്യം ആയിരുന്നപ്പോൾ അമ്മ തിരുമേനിയും ഒരു രാജ്ഞിയും കൂടി തിരുവനന്തപുരത്തു വന്ന് ആറ്റിങ്ങൽ കൊട്ടാരത്തിലേക്ക് മടങ്ങിവരുമ്പോൾ ഇടയ്ക്കുവച്ച് ശത്രുക്കൾ അവരെ കൊലചെയ്വാൻ ശ്രമിച്ചു എന്നും അപ്പോൾ കിളിമാന്തൂർ കൊട്ടാരത്തിലെ ഒരു കോയിത്തമ്പുരാൻ അവരെ രക്ഷപ്പെടുത്താൻ ശ്രമിച്ചതിൽ കോയിത്തമ്പുരാൻ വധിക്കപ്പെടുകയും മഹാരാജാവു് രക്ഷപ്പെടുകയും ചെയ്തു എന്നും അതിന്റെ ഫലമായിട്ടാണ് കിളിമാന്തൂരുള്ള വസ്തുക്കൾ മുഴുവൻ കിളിമാന്തൂർ കൊട്ടാരത്തിലേക്ക് വിട്ടുകൊടുത്തിരിക്കുന്നത് എന്നും ചരിത്രരേഖകളിൽ നിന്നു കാണുന്നു. അതുപോലെ പൂഞ്ഞാർ ഇടവകയും തെക്കുംകൂർ രാജാക്കന്മാരുടെ വകയായിരുന്നു. തെക്കുംകൂർ മഹാരാജാവിനു കീഴടങ്ങിയതോടുകൂടി തെക്കുംകൂർരാജ്യം തിരുവിതാംകൂറിനോടു ചേർന്നു. അതോടൊപ്പം പൂഞ്ഞാറും ലയിപ്പിക്കപ്പെട്ടു. പക്ഷേ പൂഞ്ഞാറിന് ഇപ്പോഴും തെക്കുംകൂർ രാജാവിന്റെ പക്കൽനിന്നും ലഭിച്ചുകൊണ്ടിരുന്ന സൗജന്യങ്ങൾ ലഭിച്ചുകൊണ്ടിരിക്കുന്നു. വഞ്ഞിപ്പുഴ തിരുവിതാംകൂറിന്റെ വകതന്നെയാണ്. വഞ്ഞിപ്പുഴ ചീഫ് തിരുവിതാംകൂർ രാജകുടുംബത്തിന്റെ വലിയൊരു മിത്രവും സഹായിയും ആയിരുന്നു. പലപ്പോഴും ആ രാജകുടുംബത്തെ സഹായിച്ചുകൊണ്ടിരുന്നതിന്റെ ഫലമായിട്ടാണ് ആ സ്ഥലങ്ങളെല്ലാം വഞ്ഞിപ്പുഴ ചീഫിനു് വിട്ടുകൊടുത്തിട്ടുള്ളത്. രാജ്യം ആക്രമിച്ചു കീഴടക്കിയതോടുകൂടി നിയമപ്രകാരം നോക്കിയാൽ ഇടപ്പള്ളിസ്വരൂപം ഉൾപ്പെടെയുള്ള എല്ലാ ഇടവകകളും തിരുവിതാംകൂറിന്റെ വകയാണെന്നു കാണാവുന്നതാണ്. അവിടെ താമസിക്കുന്നവർ എല്ലാം തിരുവിതാംകൂർ

LIBRARY ARCHIVES Kerala Legislative Assembly

മഹാരാജാവിന്റെ പ്രജകളുമാണ്. ഫ ഠ സ-ൽ തിരുവിതാംകൂറിലെ ഇടവകകൾ എല്ലാം സെറ്റിൽമെന്റ് നടത്തി. കിളിമാന്തൂരിലേയും ഇടപ്പള്ളിയിലേയും സെറ്റിൽമെന്റ് സർക്കാർ ചെലവിലാണ് നടത്തിയതു്. തിരുവിതാംകൂർസർക്കാരിന്റേതല്ല ആ ഇടവകകളെങ്കിൽ സർക്കാരിന്റെ പണം ചെലവാക്കി അവിടെ സെറ്റിൽമെന്റ് നടത്താൻ ഇടയില്ലല്ലോ. ക്രൈതെ സെറ്റിൽമെന്റുകാലത്തു് അവിടെ വസ്തുക്കൾ ഇന്നാ തിരിച്ചിട്ടുള്ളതു് പണ്ടാരവക, പണ്ടാരവകപ്പാട്ടം എന്നൊക്കെയാണു്. പണ്ടാരവക എന്നു പറഞ്ഞാൽ സർക്കാർവകയെന്നാണല്ലോ അർത്ഥം. ഇങ്ങനെ സർക്കാർവക ഭൂമി, അവിടെ സർക്കാരിന്റെ വക പ്രജകൾ താമസിക്കുന്നു. ഇവരെ മറ്റൊരു താലൂക്കിൽ വകതിരിക്കുന്നതിനു യാതൊരു ന്യായവുമില്ല. ആയിരത്തിതൊള്ളായിരത്തിഇരുപത്തിയൊന്നിൽ അടിസ്ഥാനനികുതിവിളംബരം പ്രഖ്യാപിക്കപ്പെട്ടു. അതിന്റെ പ്രിയാംബിളിൽ പറയുന്നതു് "ഫ ഠ സ-ലെ വിളംബരത്തിൽ ന ഠ കൊല്ലം കഴിയുമ്പോൾ മറ്റൊരു സെറ്റിൽമെന്റ് നടത്തണം എന്നുള്ള വ്യവസ്ഥയനുസരിച്ചു് ആ അവധിദിവസം സെറ്റിൽമെന്റ് നടത്താൻ സാധിക്കാതെ പോയാൽ ഇതു മറ്റൊരു സെറ്റിൽമെന്റാ"യും, രണ്ടാമതു്, "ഫ ഠ സ-ലെ സെറ്റിൽമെന്റുകരത്തിൽ കുറഞ്ഞ കരം പിരിക്കുന്നതിനാ'യു' മൂന്നാമതു്, "തിരുവിതാംകൂർ ഒന്നാകെ ഐകരൂപ്യമുള്ള ഒരു കരം സ്ഥാപിതമാക്കാൻ വേണ്ടിയും" വിളംബരം പ്രസിദ്ധപ്പെടുത്തുന്നു എന്നാണു്. ഈ മൂന്നു തത്വങ്ങളും പരിശോധിച്ചാൽ ഏതു തരത്തിലാണു് ഇടവക വസ്തുക്കളെ ഒഴിവാക്കാൻ ന്യായമുള്ളതു് എന്നു് ഞാൻ ചോദിക്കുന്നു. ഈ അടിസ്ഥാനനികുതിആക്ടു് വന്നതിനുശേഷം ഒരു വരയ്ക്കപ്പുറത്തു് കിടക്കുന്ന വസ്തുക്കൾക്കു് ഏക്കർ ഒന്നിനു് ഒരു ചക്രം സർക്കാർകരം കൊടുത്താൽ മതിയെന്നുള്ളപ്പോൾ ആ വരയ്ക്കിപ്പുറത്തു കിടക്കുന്ന വസ്തുക്കൾ ഇടവകവസ്തുക്കൾ ആയതുകൊണ്ടു് ഒരു മുതൽ നൂറു രൂപാവരെ കരം കൊടുക്കേണ്ടതായി വരുന്നു. ഏതു വിധത്തിൽ ഇതിനെ നീതീകരിക്കാം? എന്തു ന്യായമാണു് ഇതിനുള്ളതു്? ഇടവകയുടമസ്ഥന്മാർ ഈ സ്ഥലങ്ങളിൽ നിന്നും അന്യായമായ കരം പിരിക്കുന്നു. ഇതു സഹിക്കാവുതാണോ? തിരുവിതാംകൂറിലുള്ള എല്ലാ വസ്തുക്കളേയും ഒരുപോലെ ബാധിക്കത്തക്കവണ്ണം ഇതു സംബന്ധിച്ചു് ആവശ്യമുള്ള വ്യവസ്ഥകളും ചെയ്തു വേണ്ട നിവൃത്തിമാർഗ്ഗം വരുത്തേണ്ടതു് ഏറ്റവും അത്യാവശ്യമാകുന്നു.

ഈ അവസരത്തിൽ ഇടവകഭൂമികളെ സംബന്ധിച്ചു് എനിക്കു് അല്പംകൂടി സംസാരിക്കാനുണ്ടു്. ഫ ഠ സവ-ലെ നാലാം ,ആക്ടായ

LIBRARY ARCHIVES Kerala Legislative Assembly

എസ്റ്റേറ്റ് റെൻറ് റിക്കവറി ആക്റ്റ്, 1071-ലെ മൂന്നാം ആക്റ്റായ ഇടവക ആക്റ്റ് ഈ രണ്ടാക്റ്റുകളിൽ പരാമർശിക്കുന്ന ഭൂമികളെപ്പറ്റിയാണ് ഞാൻ സംസാരിക്കുന്നത്. ഈ രണ്ട് ആക്റ്റിൽ കൂടി നാലിടവകയല്ലാതെ അഞ്ചാമതൊന്നു കാണുന്നില്ല. കിളിമാന്നൂർ, ഇടപ്പള്ളി ഈ രണ്ടിടവകകളെ സംബന്ധിച്ചുള്ളതാണ് ആദ്യത്തെ ആക്റ്റ്.

At this stage the President (the Hon'ble Mr. R. V. Thomas) re-occupied the Chair.

ഈ രണ്ടിടവകകളെ സംബന്ധിച്ചും സെറ്റിൽമെൻറ് നടത്തിയിട്ടുണ്ടു എന്നു ഞാൻ പറഞ്ഞല്ലോ. ആ ആക്റ്റിൻെറ പ്രിയാംബിളിൽ ഇങ്ങനെ പറയുന്നു:

"Whereas the arrears of rents due to the estates of Kilimanoor and Edappally have been hitherto recovered by officers of our Govt. as arrears of public revenue and whereas it is expedient to continue the existing practice and to clearly define the conditions on which these estates are administered."

നമ്മുടെ മഹാരാജാവിൻെറ ഇഷ്ടപ്രകാരം ഈ എസ്റ്റേറ്റുകളിലുള്ള കരം അവർ നിശ്ചയിക്കണമെന്നു പറയുന്നു. അങ്ങനെയാണെങ്കിൽ എന്തുകൊണ്ട് ഈ ഭൂമികൾക്ക് അടിസ്ഥാനനികുതി ഏർപ്പെടുത്തുന്നില്ല എന്നു ഞാൻ ചോദിക്കുന്നു.

MR. PRESIDENT : ബഹുമാനപ്പെട്ട മെംബർക്ക് പ്രസംഗിക്കുവാൻ അനുവദിച്ചിട്ടുള്ള സമയം തീരാറായി. ഒരു മിനിട്ടുകൂടി തരാം.

MR. P. NANOO : എനിക്ക് 5 മിനിട്ടുകൂടി വേണം. സമയമില്ലാത്തതുകൊണ്ട് ഞാൻ രണ്ടാമത്തെ ഭാഗത്തേക്ക് കടക്കുന്നു.

ജന്മിക്കരത്തെ സംബന്ധിച്ചിടത്തോളം ജനങ്ങൾക്ക് ക്ലേശകരമായ വിഷമമുണ്ട്. 1071-ൽ ജന്മികുടിയാൻ ആക്റ്റ് ഉണ്ടായി. ഒരിക്കൽ കേരളക്കരയിൽ ഉള്ള വസ്തുക്കൾ മഹാരാജാവിൻെറ വക ആയിരുന്നില്ല. നമ്പൂതിരിമാരുടെ വകയായിരുന്നു. നമ്പൂതിരിമാർ ദാനംകൊടുത്തോ, അന്യംവന്ന നിലച്ചോ, മറുവിധത്തിലൊ ആണ് ഈ വസ്തുക്കൾ മഹാരാജാവിനു ലഭിച്ചതു്. നമ്പൂതിരിമാരുടെ കൈയ്വശം വസ്തുക്കൾ ഇരുന്നാൽ അത്രയും കരം ചുമത്താനുള്ള അവകാശം നമ്മുടെ രാജകുടുംബത്തിനില്ല. 1071-ലെ ആക്റ്റിൽനിന്നും ഈ നമ്പൂതിരിമാരുടെ വസ്തുക്കളെ ഒഴിവാക്കിയിട്ടുമില്ല. ഏതായാലും അടിസ്ഥാനനികുതിവച്ചു താരതമ്യപ്പെടുത്തിനോക്കുമ്പോൾ ജന്മിക്കരം വളരെ ഭയങ്കരമായിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

[Mr. P. Nanoo]

അതിനേക്കാൾ ഭയങ്കരമായിട്ടുള്ളതു് തിരിപ്പുവാരമാണു്. ഫറസ്വ-ലെ വിളംബരത്തിൽ തിരിപ്പുവാരത്തെ സംബന്ധിച്ചു് ഒരു വ്യവസ്ഥയും ചെയ്തിരുന്നില്ല. അന്നു ദിവാൻജിയായിരുന്ന രാമയ്യങ്കാർ തിരിപ്പുവാരത്തിനു കണ്ട പാട്ടം മുഴുവനും ശുപാർശ ചെയ്തു. എന്നാൽ ആ ശുപാർശ നടപ്പിൽ വന്നില്ല. സെറ്റിൽമെൻറിൽ നിലവിലുള്ളതും അനുവാദം കൊടുക്കേണ്ടതും മേലും നടത്തിക്കൊണ്ടുപോകേണ്ടതുമായ സെറ്റിൽമെൻറു് ഏതാണെന്നാണു് പ്രത്യേകം അറിയേണ്ടതു്. എന്നാൽ തിരിപ്പെന്നു പറയുന്നതു് സർക്കാരിനു് ജനങ്ങളോടുള്ള കടം എന്നാണു വിവക്ഷ. അതിന്റെ പലിശ വസ്തുവിൽനിന്നും കൊടുക്കുക. അതിനു പ്രതിഫലമായി കൊടുക്കുന്ന വസ്തു പാട്ടത്തിനു വകവച്ചു കൊടുക്കുക. കെട്ടിടം ഉണ്ടെങ്കിൽ ഓല മേയണം; വസ്തു സംരക്ഷിക്കണം; ഇങ്ങനെയുള്ള ചെലവുകളും വകവയ്ക്കണം ഇതിനൊക്കെ പരിഹാരമായി കണ്ട പാട്ടത്തിൽ ഒരു ഭാഗം കരമായി കൊടുക്കണമെന്നാണു് ഏർപ്പാടു്. അതുകൊണ്ടു സെറ്റിൽമെൻറുകാലത്തുതന്നെ ഇതിനെപ്പറ്റി ശരിയായി എൻകയറി നടത്തേണ്ടിയിരുന്നു. സെറ്റിൽമെൻറു കാലത്തു് രാമയ്യങ്കാരുടെ ശുപാർശകൾ സ്വീകാര്യമാകാതെ വന്നതുകൊണ്ടു് തിരിപ്പുവാരത്തെ സംബന്ധിച്ചുള്ള ഇടപാടുകൾ ഇന്നും ഒരു കുഴഞ്ഞ മട്ടിൽ തന്നെയാണു കിടക്കുന്നതു. പുഴയ ഏട്ടുനോക്കി ഏർപ്പാടു തിക്കുകയാണു് ഇന്നും ചെയ്തുവരുന്നതു. ഇന്നു ഭയങ്കരമായ കരമാണു് അത്തരം വസ്തുക്കൾക്കു് ചുമത്തിരിക്കുന്നതു്. തിരിപ്പുവാരം അധികവും നെല്ലാണു്. ജന്മിക്കരം ആറുകൊല്ലത്തിൽ കൂടുതൽ വരുന്നതു് കുലഹരണപ്പെട്ടം. എന്നാൽ തിരിപ്പുവാരം അങ്ങനെയല്ല. ഫസ്ലി കൊല്ലം ഒന്നാകെ ഈടാക്കാം. ഈ നെല്ലു കുടിശിക വരുത്തിയാൽ അതിനു് ഫസ്ലി ശതമാനം പലിശയാണു്. ഒരു പറ നെല്ലിനു് രണ്ടര രൂപാവച്ചുള്ള റേറും ഈടാക്കും. ഇങ്ങനെ ഫസ്ലി കൊല്ലത്തെ കുടിശികയും പലിശയും എല്ലാംകൂടി ചേർത്തു് ഒരു ഡിക്രി സമ്പാദിച്ചാൽ ഏതു് ഉടമസ്ഥന്റെ കയ്യിലാണോ ആ വസ്തു ഇരിക്കുന്നതു്; അയാളുടെ പക്കൽ നിന്നു് ആ വസ്തുവും അതുപോലെ അഞ്ചുവസ്തുക്കളുംകൂടി കൊണ്ടുപോകും.

കർഷകരേയും വസ്തുഉടമസ്ഥന്മാരേയും സംബന്ധിച്ചിടത്തോളം ഇതു് ഗൗരവമായ ഒരു പ്രശ്നമാണു്. അവരുടെ അഭിമാനത്തെ ക്ഷതപ്പെടുത്തുന്ന ഒരു പ്രശ്നമാണു് ഇതു്. അവരെ സംബന്ധിച്ചിടത്തോളം അവർ ജീവിക്കണമൊ മരിക്കണമൊ എന്നു നിശ്ചയിക്കുന്നതു് ഈ പ്രശ്നത്തെ അടിസ്ഥാനമാക്കിയാണു. അതുകൊണ്ടു് ഈ പ്രമേയം ഞാൻ ഈ സഭയുടെ അംഗീകാരത്തിനായി സമർപ്പിച്ചുകൊള്ളുന്നു.

LIBRARY ARCHIVES Kerala Legislative Assembly

MR. CHERIYAN J. KAPPAN : സർ, ഈ പ്രമേയത്തോടു യോജിക്കുവാൻ എനിക്കു വളരെ സന്തോഷമുണ്ട്. ഈ രാജ്യത്ത് ഒരു സാധാരണ കർഷകൻ അനുഭവിക്കുന്ന ക്ലേശങ്ങൾ വളരെയാണ്. അവൻ തൊഴിലാളികളെപ്പോലെയും വിദ്യാർത്ഥികളെപ്പോലെയും പ്രത്യക്ഷസമരവുമായി മുമ്പോട്ടു വരുന്നില്ലെന്നേയുള്ളൂ. അവന് ഒരു ക്ലേശവുമില്ലെന്ന് ഗവണ്മെൻറു ധരിക്കുന്നതുപോലെ തോന്നുന്നു.

ഈ പ്രമേയത്തിൽ പറയുന്ന സംഗതി വളരെ ഗൗരവമേറിയ ഒരു കാര്യമാണ്. എന്നുവച്ചാൽ പ്രമേയത്തെ അനുകൂലിച്ചുകൊണ്ടു പറയാനുള്ള കാര്യങ്ങൾ പൂഞ്ഞാർ ഇടവകയിലെ വസ്തുക്കളെ സംബന്ധിച്ചുള്ളവയാണ്. തിരുവിതാംകൂർ രാജ്യത്തിൻെറ മറേറതുഭാഗത്തും ഏക്കറിനു ഉ ഇ ചക്രം എന്ന അടിസ്ഥാനനികുതി നിലവിലിരിക്കുമ്പോൾ ഏക്കർ ഒന്നിനു രണ്ടുരൂപമുതൽ ആറുരൂപവരെ നികുതി പൂഞ്ഞാർ ഇടവകയിൽ നിന്നും ഈടാക്കിക്കൊണ്ടിരിക്കുന്നു. അവിടത്തെ സ്ഥലം മുഴുവനും പല വ്യവസ്ഥകളിൽ കുടികൾക്കു കൊടുത്തിട്ടുള്ളതാണ്. ചിലവ കാണപ്പാട്ടം, ചിലവ അടിമതേട്ടം, ഇങ്ങനെ പലവിധത്തിൽ കൊടുത്തിട്ടുണ്ട്. ഇത്തരം വസ്തുക്കളുടെ ആദായം അടിസ്ഥാനപ്പെടുത്തിയാണു കരം കൊടുക്കുന്നതു്, അങ്ങനെ നോക്കുമ്പോൾ ഏക്കറൊന്നിനു രണ്ടുരൂപ മുതൽ ആറുരൂപവരെ കരം കൊടുക്കണം. മറുള്ളവർ ഉ ഇ ചക്രം കൊടുക്കുമ്പോൾ പൂഞ്ഞാറിൽ താമസിക്കുന്ന ഒരു കർഷകൻ കൊടുക്കേണ്ടതു് ആറിരട്ടി കരമാണ്. ഇതിനും പുറമെ ഇവിടെയുള്ള കർഷകനിൽ നിന്നും കാർഷികാദായനുനത്തിൽ ഒരു നല്ല സംഖ്യ ഗവണ്മെൻറു എടുക്കുന്നുണ്ടു. പലവിധത്തിലുള്ള നികുതികൾകൊണ്ടു അവർ വലയുകയാണ് ഇതിനെന്താണു പ്രതിവിധി?

ഇതനാവശ്യമായ നിയമനിർമ്മാണം ചെയ്യുവാൻ ഗവണ്മെൻറിനു് അധികാരമുണ്ടെന്നു ചിലർ പറയുന്നു. പൂഞ്ഞാർ ഇടവക വസ്തുക്കൾ ഗവണ്മെൻറിൻെറ വക വസ്തുക്കളല്ല, പൂഞ്ഞാർ ചീഫിൻെറ വക വസ്തുക്കളാണു. പൂഞ്ഞാർ ചീഫിനു കരം കൊടുക്കുന്നതിനുവേണ്ടി, പൂഞ്ഞാർ ചീഫിനുവേണ്ടി നിയമങ്ങൾ ഉണ്ടാക്കാനല്ലാതെ ആ വസ്തുക്കളെ സംബന്ധിച്ചു ഗവണ്മെൻറിനു അവകാശമൊന്നുമില്ലെന്നു ചിലർ പറയുന്നു. എന്നാൽ എല്ലാ വസ്തുക്കളേ സംബന്ധിച്ചും ഗവണ്മെൻറിനധികാരമുണ്ടെന്നും അതിലേക്കാവശ്യമായ നിയമങ്ങൾ ഉണ്ടാക്കാൻ ഗവണ്മെൻറിനു കഴിയുമെന്നും പറയുന്നവരും ഇല്ലാതില്ല.

LIBRARY ARCHIVES Kerala Legislative Assembly

[Mr. Cheriyan J. Kappan.]

എന്റെ അഭിപ്രായത്തിൽ, ഇന്ന ഇൻഡ്യയിൽ സെമിന്ദാരിസിസ്റ്റം നിറുത്തലാക്കിയതുപോലെ എന്തെങ്കിലും കാമ്പൻസേഷൻ കൊടുത്തു ഗവണ്മെൻറു ഈ ഭൂമി മുഴുവൻ കൈയ്യേറ്റുകയും അടിസ്ഥാന നികുതി ഏർപ്പെടുത്തുകയും ചെയ്യുകയായിരിക്കും നല്ലത്. അങ്ങനെ കാമ്പൻസേഷൻ കൊടുത്തു ഭൂമി എടുക്കുന്ന കാര്യം ഇന്നത്തെ നിലയ്ക്കു ഗവണ്മെൻറിന് വളരെ പ്രയാസമുള്ള ഒന്നാണെന്ന ഞാൻ സമ്മതിക്കുന്നു. എന്നാൽ ഒരു കുട്ടർ ന്യായരഹിതമായ ക്ലേശം അനുഭവിക്കുവാൻ അനുവദിക്കരുതെന്നുള്ള മൗലികതത്വം വിസ്മരിച്ചു പ്രവർത്തിക്കാൻ ഒരു ഏകാധിപത്യഗവണ്മെൻറിനു മനസ്സു വരുമെങ്കിലും ജനകീയഭരണം നടത്തിപ്പോരുന്ന ഒരു ഗവണ്മെൻറിനു ഒരിക്കലും ശരിയായിരിക്കുകയില്ല. അതുകൊണ്ടു കാമ്പൻസേഷൻ കൊടുത്തു ഭൂമി മുഴുവനും എടുത്തു് അവിടെ അടിസ്ഥാനനികുതി ഏർപ്പെടുത്തുന്നതിനു ഗവണ്മെൻറു ശ്രദ്ധിക്കേണ്ടതാണു്.

ഇതിനു ഗവണ്മെൻറു താല്പര്യമായി എന്താണു ചെയ്യേണ്ടതെന്നു ചോദിച്ചാൽ ആദ്യമെ വസ്തുക്കൾ എല്ലാം ഗവണ്മെൻറുവകയാണെന്നു പ്രഖ്യാപനം ചെയ്യണം. ജന്മി ഒരു ചെറിയ രാജാവാണു്. അയാളുടെ വസ്തുക്കളെ സംബന്ധിച്ചിടത്തോളം പരിപൂർണ്ണമായ അധികാരവും അവകാശവും ജന്മിക്കു തന്നെയാണു്. അതിൽ ഇടപെടുവാൻ ഗവണ്മെൻറിനു അധികാരമുണ്ടോ എന്നുള്ളതു ഒരു വലിയ നിയമപ്രശ്നമാകുന്നു. എന്നാൽ ഇങ്ങനെ കാമ്പൻസേഷൻ കൊടുത്തു. എടുക്കുന്നതു ഒരു നിയമപ്രശ്നമായി വരുന്നതല്ല.

HON'BLE MR. V. O. MARKOS : ഇടവകഭൂമി കൈവശം വച്ചുകൊണ്ടിരിക്കുന്നവർക്കു പണ്ടാരവക ഭൂമി കൈയ്യേറ്റം വച്ചുകൊണ്ടിരിക്കുന്നവരെപ്പോലെ വലിയ മുതൽ മുടക്കില്ലെന്നു മെംബർക്കു അറിയാമോ?

MR. CHERIYAN J. KAPPAN : ചിലരുടെ വസ്തുക്കളെ സംബന്ധിച്ചിടത്തോളം അതു ശരിയായിരിക്കാം. എന്നാൽ ചിലർക്കു പണ്ടാരവക വസ്തുക്കളെക്കാൾ കൂടുതൽ വിലകൊടുത്തു് ഇടവക വസ്തുക്കൾ വാങ്ങേണ്ടിവന്നിട്ടുണ്ടു്.

HON'BLE MR. V. O. MARKOS : ആ വില ഇടവകക്കാരിൽ നിന്നും ആദ്യമായി വാങ്ങുമ്പോൾ കൊടുത്ത വിലയാണോ?

MR. CHERIYAN J. KAPPAN : ആ വസ്തുക്കൾ അനുഭവിച്ചു കൊണ്ടിരുന്ന ആളുകളിൽ നിന്നും തിരുവാങ്ങുമ്പോൾ കൊടുക്കേണ്ടിവന്ന വിലയെപ്പറ്റിയാണു ഞാൻ പറഞ്ഞതു്.

LIBRARY ARCHIVES Kerala Legislative Assembly

HON'BLE MR. V. O. MARKOS : അങ്ങനെയുള്ള തിരുവിലതന്നെ പണ്ടാരവക വസ്തുക്കളെ അപേക്ഷിച്ച കുറവല്ലേ?

MR. CHERIYAN J. KAPPAN : അതു ശരിയല്ല. പൂഞ്ഞാർ ഇടവകയെ സംബന്ധിച്ചിടത്തോളം ഒട്ടും ശരിയല്ല. അവിടെ വസ്തുക്കൾക്കു അതിൽ കൂടുതൽ വിലയുണ്ട്. ബഹുമാനപ്പെട്ട മന്ത്രിക്കു ആ വിവരം അറിവുള്ളതാണെന്നു ഞാൻ വിശ്വസിക്കുന്നു.

MR. P. S. MOHAMMED : ആ വസ്തുവിന്റെ ജന്മി കൊടുത്തിട്ടുള്ള സംഖ്യയെപ്പറ്റിയാണു ചോദിക്കുന്നതു്.

MR. CHERIYAN J. KAPPAN : ജന്മിക്കു് ഈ വസ്തുക്കൾ വെറുതെ കിട്ടിയതാണു്.

ഞാൻ ഇതുയും പറഞ്ഞതുകൊണ്ടു ഗവണ്മെന്റു് എങ്ങനെയെങ്കിലും ഈ വസ്തുക്കൾ തട്ടിയെടുത്തു കുടിയാന്മാർക്കു കൊടുക്കണമെന്നു എനിക്കഭിപ്രായമില്ല. ഗവണ്മെന്റു ഒരു സഗ്രേതിക്രൂടി ധരിക്കണം. ഇന്നു സെറിൽമെന്റു നടത്തുന്നുണ്ടു്. അപ്പോൾ മരവില, തറവില ഇതെല്ലാംക്രൂടി കണക്കാക്കേണ്ടതാണു്. ഞാൻ വെറുതെ ഈ ചീഫിന്റെ വസ്തു മുഴുവൻ എടുക്കണമെന്നല്ല പറയുന്നതു്. ന്യായമായ കാമ്പൻസേഷൻ കൊടുത്തിട്ടു ഗവണ്മെന്റു് അടിസ്ഥാനനികുതി ചുമത്തി കൃഷിക്കാരെ സഹായിക്കണമെന്നാണു ഞാൻ പറയുന്നതു്.

HON'BLE MR. V. O. MARKS : കാമ്പൻസേഷൻ കുടികരം കൊടുക്കേണ്ടതല്ലേ?

MR. CHERIYAN J. KAPPAN : സെമിന്ദാരി സിസ്റ്റം മദ്രാസിൽ നിറുത്തുന്നതിനു സ്വീകരിച്ച നടപടി ഏതോ അതുതന്നെയാണു ഇതിനും സ്വീകരിക്കേണ്ടതു്. അവിടെ അങ്ങനെ കൊടുത്തിട്ടുണ്ടെങ്കിൽ ഇവിടെയും അങ്ങനെ കൊടുപ്പിക്കുന്നതിൽ വിരോധമില്ല. അതുകൊണ്ടു ഈ വിഷയത്തിൽ ഉടനെ ഗവണ്മെന്റുചെയ്യേണ്ടതു ഒരു വിദഗ്ദ്ധക്കമ്മിറ്റിയെ നിയമിച്ചു് ഇതിനെപ്പറ്റി അന്വേഷിച്ചു് ഏതു തരത്തിലാണു ഒരു ഏകീകരണം വരുത്തേണ്ടതെന്നു ആറുമാസത്തിനകമോ അല്ലെങ്കിൽ ഒരു മൂന്നുമാസത്തിനകമോ റിപ്പോർട്ടു വരുത്തി നടപടി നടത്തുകയാണു്.

MR. N. DANIAL JOSE: May I place a suggestion. We are interested in hearing the Attorney General on the legal aspects of this problem and also whether the rights to property envisaged in the Draft Constitution have any bearing on this problem. If it has any

LIBRARY ARCHIVES Kerala Legislative Assembly

[Mr. N. Danial Jose]

bearing on this problem, I should like to know whether the Government will find it possible to pay compensation. On this I expect the views of Government. I hope, Sir, that Attorney General will enlighten the House on this issue.

HON'BLE MR. V. O. MARKOS : മിനിസ്റ്റർ പറഞ്ഞാൽ മതിയാകുമോ എന്നറിഞ്ഞാൽകൊള്ളാം.

MR. N. DANIAL JOSE. That will do, Sir.

MR. PANDAVATHU SANKARA PILLAI : ഭൂമിഉടമസംബന്ധിച്ച് തിരുവിതാംകൂറിലെ സാധാരണ പൗരന്മാക്കുള്ള അവകാശങ്ങളിൽ ഒരു വിഭാഗത്തെ നിഷേധിക്കുന്നതിനെ സ്പർശിക്കുന്ന ഒരു പ്രമേയമാണ് ഈ സഭയുടെ പരിഗണനയ്ക്ക് വിഷയമായിരിക്കുന്നത്. മൂന്നാലിനത്തിലുള്ള കരം ഇളവാക്കുന്നതിന്റ് ഒരു ഐകരൂപ്യംവരുത്തി അടിസ്ഥാനനികുതിയാക്കണമെന്നാണ് ഈ പ്രമേയത്തിന്റെ സാരം. ഇവയോരോന്നും കാര്യമായ പരിചിന്തനത്തിന് വിഷയമാക്കുമ്പോൾ പല വിഷമപ്രശ്നങ്ങളും നേരിടേണ്ടിവരുമെന്നുള്ളതിന് സംശയമില്ല. എന്നാൽ ഇടപ്പള്ളിസ്വരൂപത്തിന്റെ ഉടമയിലുള്ള സ്വത്തുക്കളെ സംബന്ധിച്ചുള്ള ചില പ്രത്യേക കാര്യങ്ങളാണ് ഈ പ്രമേയത്തെ പിന്താങ്ങിക്കൊണ്ട് സംസാരിക്കാമെന്ന് ഞാൻ വിചാരിക്കുന്നത്. ഇടപ്പള്ളി സ്വരൂപംവക വസ്തുക്കളെല്ലാംമുമ്പു എങ്ങനെയായിരുന്നു; കണ്ടെഴുത്തുകാലത്ത് എങ്ങനെ കിടന്നിരുന്നു; അതിനശേഷം ഇന്നത്തെ നിലയിൽ എങ്ങനെ വന്നു എന്നുള്ളതിനെക്കുറിച്ചൊന്നും ഇപ്പോൾ ആലോചിച്ചിട്ട് കാര്യമില്ല. ആ അന്വേഷണം ഡാർവിൻതിയറിപോലെയാവും. ഇന്ന് ആ വസ്തു എങ്ങനെയിരിക്കുന്നുവെന്നുനോക്കി, ഇന്നത്തെ അനുഭവം വച്ചുകൊണ്ട് നമുക്ക് മുമ്പോട്ടുപോകാം. സെറിൽമെൻറ് കാലത്ത് തിരുവിതാംകൂർ സർക്കാർ ഉദ്യോഗസ്ഥന്മാർ അവരുടെ ശമ്പളം പറഞ്ഞുകൊണ്ടുതന്നെയാണ് വാസ്തവത്തിൽ കണ്ടെഴുത്തുനടത്തി കരം ചുമത്തിയിട്ടുള്ളത്. ആ കരം എന്റെ സ്നേഹിതനായ ഈ പ്രമേയാവതാരകൻ പറഞ്ഞതുപോലെ പണ്ടാരവകയുപാട്ടം അല്ലെങ്കിൽ കരം എന്ന രൂപത്തിലല്ല കൊടുത്തത് വസ്തു അനുഭവിച്ചിരുന്നത്. ഇടപ്പള്ളി സ്വരൂപം അനുഭോഗം, പാട്ടം, അല്ലെങ്കിൽ ഒറിയെന്നുള്ള നിലയിലാണ് ആ വസ്തുക്കൾ അനുഭവിച്ചുപോന്നത്. ഏതായാലും ഇന്നത്തെ കരംപിരിവുരീതികൊണ്ട് തിരുവിതാംകൂറിലെ ഒരു നല്ല വിഭാഗം ജനങ്ങൾ അനുഭവിച്ചുവരുന്ന വൈഷമ്യങ്ങളെപ്പറ്റി കാര്യമായി ചിന്തിക്കാനുള്ള അവകാശമുണ്ട്. പതിനാലു സെൻറ് നിലത്തിന് രണ്ടുനാലും പറനെല്ല് കരമായി ഞങ്ങൾ കൊടുക്കേണ്ടതുണ്ട്. പറയ്ക്ക് രണ്ടു രൂപാ

LIBRARY ARCHIVES Kerala Legislative Assembly

വച്ചു കണക്കാക്കുമ്പോൾ ഇതിന് എട്ടു രൂപാ വിലയാകും. പതിനാലുസെൻറ് നിലത്തിന് എട്ടു രൂപാ കരമെന്നപറയുന്നതു് വാസ്തവത്തിൽ അടിസ്ഥാനനികുതിയുടെ നൂറിരട്ടിയിൽ കൂടുതലാണ്. ഇങ്ങനെ നൂറിരട്ടികരം ഈടാക്കിക്കൊണ്ടിരിക്കുന്നതുനിമിത്തം പലയവസരങ്ങളിലും ഇടപ്പള്ളിസ്വരൂപത്തിലെ വസ്തു അനുഭവക്കാരും സ്വരൂപവും തമ്മിൽ വസ്തു സംബന്ധിച്ചു് പല തക്കങ്ങളുമുണ്ടായിട്ടുണ്ടു്. അക്കാലങ്ങളിലെല്ലാംതന്നെ തിരുവിതാംക്കൂർ ഗവണ്മെൻറ് ഇടപെട്ടു് തീരുമാനങ്ങൾ വരുത്തിയിട്ടുണ്ടെന്നു് കാണാം. ബാക്കിയുള്ളവരോടൊപ്പം തുല്യമായ അവകാശം അന്നെല്ലാം അവർക്കും ആ കേസ്സുകളിൽ അനുവദിച്ചിട്ടുണ്ടു്. അങ്ങനെ തീരുമാനങ്ങൾ ചെയ്തിട്ടുള്ള സക്കാരുദ്യോഗസ്ഥന്മാർതന്നെ ഇന്നും നമ്മുടെ സർവ്വീസിൽ ഇരിപ്പുണ്ടെന്നു് നമുക്കറിയാം. ഇടപ്പള്ളിസ്വരൂപത്തിലേക്കു് ആഹാരത്തിനു് വേറെനെല്ലില്ലാത്തതുകൊണ്ടു് കരം നെല്ലായിട്ടുതന്നെ കൊടുത്തുകൊള്ളണമെന്നാണു് അക്കാലത്തു് പറഞ്ഞിരുന്നതു്. ഇന്നാണെങ്കിൽ രാജ്യം മുഴുവൻ റേഷനിംഗ് ഏർപ്പെടുത്തിയിട്ടുള്ളതുകൊണ്ടു് അവർക്കും റേഷൻ ഉണ്ടായിരിക്കുന്നതാണു്. അതുകൊണ്ടു് അന്നു പറഞ്ഞ വൈഷമ്യങ്ങൾ ഇന്നുണ്ടാകാനിടയില്ല. തിരുവിതാംക്കൂറിലെ ഒരു നല്ല വിഭാഗം പൗരന്മാർ അനുഭവിക്കുന്ന സങ്കടത്തിനു് പരിഹാരമുണ്ടാക്കാൻ നിയമപരമായോ മറേറാ എന്തെങ്കിലും തടസ്സമുണ്ടോ എന്നു കാര്യം ഗവണ്മെൻറിൻറെ സത്വരശ്രദ്ധയിൽപ്പെടേണ്ടതാണു്. അങ്ങനെ വല്ല തടസ്സങ്ങളുമുണ്ടെങ്കിൽ അതിനെ തീക്കേണ്ടതും അത്യാവശ്യമാണു്. ഇതിനുപുറമെ സ്വരൂപം വകയായി അവരുടെ ദേശവഴിയിൽ അനവധി സ്വത്തുക്കൾ ദേവസ്വം പാട്ടം എന്നുള്ള വ്യവസ്ഥയിലുണ്ടു്. ആ വസ്തുക്കൾക്കെല്ലാം അമിതമായ പാട്ടങ്ങളാണു് ഇപ്പോഴും ഈടാക്കിക്കൊണ്ടിരിക്കുന്നതു്. നാളികേരത്തിനും നെല്ലിനും വില വളരെ അധികരിച്ചിരുന്നകാലത്തും സാധനങ്ങളായിത്തന്നെയാണു് ഞങ്ങളിൽനിന്നും കരം ഈടാക്കിക്കൊണ്ടിരുന്നതു്. അവർക്കു് താരിപ്പുവിലയുള്ള വ്യവസ്ഥ ഇല്ല. ഇങ്ങനെ വളരെ വൈഷമ്യങ്ങൾ സ്വരൂപത്തിൽ നിന്നും നെൽക്കരം ഈടാക്കുന്നതുകൊണ്ടു പാട്ടക്കാരായി വസ്തു അനുഭവിക്കുന്നവർക്കു് ഉണ്ടാകുന്നുണ്ടു്. ഈ കാര്യങ്ങളുടെ വെളിച്ചത്തിൽ ഈ പ്രമേയം വളരെ അടിയന്തിരമായിട്ടുള്ളതും അത്യാവശ്യമായിട്ടുള്ളതുമാകയാൽ ഗവണ്മെൻറിൻറെ ഗാഢമായ പുനരാലോചനയ്ക്കു വിഷയമാക്കി തിരുവിതാംക്കൂറിലെ പൗരന്മാരിൽ ഒരു വിഭാഗത്തോടു കാണിക്കുന്ന നീതികേടിനെ വളരെവേഗത്തിൽ ഒഴിവാക്കുന്നതിനു് നിശ്ചിതവും നിർബന്ധി

LIBRARY ARCHIVES Kerala Legislative Assembly

തവുമായ ഒരു പരിഹാരം ഉണ്ടാക്കണമെന്നപേക്ഷിക്കുന്നതോടുകൂടി ബഹു: സഭ ഈ പ്രമേയം ഏകകണ്ഠമായിത്തന്നെ അംഗീകരിക്കണമെന്ന് അപേക്ഷിച്ചുകൊള്ളുന്നു.

MR. PRESIDENT : ബഹു: മെമ്പർ മിസ്റ്റർ ജോസ് ഗവണ്മെൻറുദ്യോഗസ്ഥനിന്നും അഭിപ്രായം പറഞ്ഞാൽ കൊള്ളാമെന്നു പറയുകയുണ്ടായി. അങ്ങനെ സഭയ്ക്ക് അഭിപ്രായമുണ്ടെങ്കിൽ ബഹു: മന്ത്രി മി. മർക്കോസ് ഇതിനെപ്പറ്റി സംസാരിക്കുന്നതായിരിക്കും.

HON'BLE MR. V. O. MARKOS : സർ, ഈ വിഷയത്തെപ്പറ്റി സംസാരിക്കുമ്പോൾ നിയമപരമായ ചില സാങ്കേതിക പദങ്ങൾ ഇംഗ്ലീഷിൽ പറയുന്നതിന് ഇടയായാൽ ബഹുമാനപ്പെട്ട മെംബറന്മാർ ക്ഷമിക്കണമെന്നു ഞാൻ ആദ്യമായി അപേക്ഷിച്ചുകൊള്ളുന്നു. ഒരു നിയമപണ്ഡിതനായ എൻെറ സ്നേഹിതൻ മിസ്റ്റർ നാണു ഈ രാജ്യമൊട്ടാകെതന്നെ എല്ലാ ഭൂമികൾക്കും ഒരേതരം അടിസ്ഥാനനികുതി ഏർപ്പെടുത്തണമെന്നും, ഇന്ന് നിലവിലിരിക്കുന്ന പലതരം നികുതിസംപ്രദായങ്ങൾ പാശകാണെന്നും അവ നിവൃത്തിക്കളയണമെന്നും വാദിച്ചു കൂട്ടിത്തിൽ ഉന്നയിച്ച എല്ലാ വാദമുഖങ്ങളേയും ഞാൻ നല്ലവണ്ണം മനസ്സിലാക്കി. അതോടൊപ്പംതന്നെ അദ്ദേഹത്തിൻെറ പ്രമേയത്തിനു വിധേയമായിട്ടുള്ള ഭൂമികളുടെ ഉടമസ്ഥന്മാർ അനുഭവിക്കുന്ന സാമ്പത്തിക മായ വൈഷമ്യങ്ങളും ഞാൻ നല്ലവണ്ണം മനസ്സിലാക്കിക്കൊണ്ടാണ് സംസാരിക്കുന്നത്. ഈ രാജ്യത്ത് എല്ലായിടത്തും എല്ലാ ഭൂമികൾക്കും ഒരേതരം നികുതിസംപ്രദായം ഉണ്ടാക്കുന്നതു് ഏറ്റവും നല്ലതാണെന്നുള്ളതു് സംശയമില്ലാത്തകാര്യമാണ്. എന്നാൽ ഇന്ന് ആലോചനയ്ക്കു വിഷയമായിരിക്കുന്ന ഭൂമികളെ സംബന്ധിച്ചു് പറഞ്ഞാൽ അവയും മറ്റു പണ്ടാരവകവസ്തുക്കളും തമ്മിൽ വളരെ വ്യത്യാസമുണ്ടെന്നുള്ളതു് എൻെറ സ്നേഹിതൻ മിസ്റ്റർ നാണു സമ്മതിക്കുന്നപ്രകാരംതന്നെ എല്ലാവരും മനസ്സിലാക്കിയിട്ടുള്ള ഒരു കാര്യമാണ്. അടിസ്ഥാനനികുതിക്കു വിധേയമാകാത്ത പലതരം ഭൂമികളുള്ളതിൽ ഈ സഭയുടെ ചർച്ചയ്ക്കു വിഷയമാക്കാൻ നിവൃത്തിയില്ലാത്ത കണ്ടുകൃഷി, ശ്രീപാദം, ശ്രീപണ്ടാരപ്പാട്ടം മുതലായവ ഒഴിച്ചാൽ പിന്നെയുള്ളതു് നാലോ അഞ്ചോ തരം ഭൂമികളാണ്. അതിലൊന്ന് ഇടവകവസ്തുക്കളാണ്. ഇടവകവസ്തുക്കളിൽ രണ്ടു ഇടവകകളിൽ, അതായതു് പൂഞ്ഞാറും വഞ്ചിപ്പുഴയും ഇടവകകളിൽപ്പെട്ട വസ്തുക്കൾ മാത്രമേ ഉൾപ്പെട്ടിട്ടുള്ളൂ. കിളിമാനൂർ, ഇടപ്പള്ളി എന്നീ സ്വരൂപങ്ങൾവക വസ്തുക്കൾ

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ നാണു പറഞ്ഞതുപോലെ എസ്റ്റേറ്റ് റെൻറ് റെക്കവറി ആക്ടിന് വിധേയമായിട്ടുള്ളതാണ്. അവയുടെ അനുഭവത്തെ സംബന്ധിച്ചിടത്തോളം ഇടവക ആക്ടിൽ ഉൾപ്പെട്ടതും എസ്റ്റേറ്റ് റെൻറ് റെക്കവറി ആക്ടിൽ ഉൾപ്പെട്ടതും തമ്മിൽ വളരെ വ്യത്യാസമൊന്നുമില്ല. ചരിത്രപരമായി ചില വ്യത്യാസങ്ങൾ മാത്രമേയുള്ളൂ. ഈ ഭൂമികൾ ഏതു നിയമത്തിനു വിധേയമായിരിക്കുന്നുവോ ആ നിയമത്തിലെ നിരക്കനുസരിച്ച് ചില വ്യത്യാസങ്ങളുണ്ടെന്നല്ലാതെ നിയമപരമായി അവയ്ക്ക് തമ്മിൽ വലിയ വ്യത്യാസമൊന്നുമില്ല. അതു കഴിഞ്ഞാൽ പിന്നെയുള്ളതു് ജന്മികുടിയാൻ ആക്ടിനു വിധേയമായിരിക്കുന്ന ജന്മിഭൂമികളാണ്.

അതുപോലെതന്നെ പണ്ടാരവകവസ്തുക്കളിൽ തിരിപ്പുവാരം കൊടുക്കുന്ന പ്രത്യേകവസ്തുക്കളുണ്ട്. തിരിപ്പുവാരം രണ്ടുമൂന്നു വിധത്തിലുണ്ടായിട്ടുള്ളതാണ് ആ സ്ഥലങ്ങളെ സംബന്ധിച്ച് പറയുകയാണെങ്കിൽ ഗവണ്മെൻറിലേക്ക് കൊടുക്കുന്ന നികുതിക്കും പുറമേ മുൻപുള്ള അവകാശങ്ങളെ അസ്സൽമാക്കി ആ അവകാശങ്ങൾക്കുള്ള നികുതിയെ അടിസ്ഥാനപ്പെടുത്തിയും നെല്ലായിട്ടോ പണമായിട്ടോ മറ്റു ചില നികുതികൾകൂടി കൊടുക്കുന്നുണ്ട്. അങ്ങനെ കൊടുക്കുന്ന നികുതി ആ ഭൂമിയുടെ ഉടമസ്ഥന്മാരിൽനിന്നു ഗവണ്മെൻറു പണം കടം വാങ്ങിച്ചതിനു പകരം അനുവദിച്ചുകൊടുത്തിട്ടുള്ള അവകാശമായിട്ടാണ്. മറ്റു വിധത്തിലും ഉണ്ട്.

MR. P. NANOO : കടം വാങ്ങിച്ചതാണെങ്കിൽ അതിന് കാലഹരണം ഇല്ലേ ?

HON'BLE MR. V. O. MARKOS : അങ്ങനെ കാലഹരണം ഇല്ലാത്തതാണു്.

MR. P. NANOO : അങ്ങനെ കാലഹരണം ഇല്ലാത്ത കടത്തിനു മറേറതെങ്കിലും ഉദാഹരണം പറയാമോ ?

HON'BLE MR. V. O. MARKOS : ഇവക്ക് ചെല്ലേണ്ട പണത്തിന്, അല്ലെങ്കിൽ അവരിൽനിന്ന് ഗവണ്മെൻറിന് അല്ലെങ്കിൽ മഹാരാജാവ് തിരുമനസ്സിലേക്ക് വന്നിട്ടുള്ള സേവനത്തിന് പ്രതിഫലമായിട്ട് കൊടുത്തുകൊണ്ടിരിക്കുന്ന ഒരു നാഷണൽ ഡെറിഷൻറ റീ പേമെൻറായിട്ടാണ് അതിനെ പരിഗണിച്ചിരിക്കുന്നതു്. അതിനു് കാലഹരണം ഇല്ലാത്തതാണ്. ഇന്നത്തെ പ്രമേയത്തിൻെറ ആലോചനാപരിധിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതു് ഇങ്ങനെ പലയിനത്തിൽപെട്ട വസ്തുക്കളാണ്.

LIBRARY ARCHIVES Kerala Legislative Assembly

MR. P. NANOO : ആ സേവനം ഇന്നും നിലവിലിരിക്കുന്നുണ്ടോ?

HON'BLE MR. V. O. MARKOS : വളരെ ചുരുക്കമായിട്ടുണ്ട്. എല്ലാ സേവനങ്ങളും ഇപ്പോൾ നിലവിലില്ല.

MR. K. A. MATHEW : ഏതു തരം സേവനങ്ങളാണെന്നു പറയാമോ ?

HON'BLE MR. V. O. MARKOS : ഞാൻ പൊതുവേ ഇത്തരം വസ്തുക്കളെപ്പറ്റി സംസാരിക്കുകയാണു് ചെയ്യുന്നതു്. ആ നിലയ്ക്കു് ഇപ്പറഞ്ഞതു് അതിന്റെ ഏറ്റവും ചെറിയ ഒരു ഡീറ്റെയിൽ മാത്രമേ ആകുന്നുള്ളു. ഇതു് സംബന്ധിച്ചു് എന്തെങ്കിലും ആലോചന നടക്കുമ്പോൾ ആ കാര്യത്തെ കുറിച്ചു കൂടി പരിഗണിക്കാവുന്നതാണു്.

ഞാൻ പറഞ്ഞ വസ്തുക്കൾ മറ്റു ബേസിക്കു് ടാക്സിനു് വിധേയമായ വസ്തുക്കളുമായി താരതമ്യപ്പെടുത്തിനോക്കുമ്പോൾ അവയ്ക്കു് ചരിത്രപരമായും നിയമപരമായും ചില വ്യത്യാസങ്ങൾ ഉണ്ടെന്നു കാണുവാൻ കഴിയും. ഈ വസ്തുക്കളിൽ ഇടവകയിലെ ചീഫിനൊ തിരിപ്പുവാരത്തിനു അവകാശമുള്ള ആളിനൊ അല്ലെങ്കിൽ ജന്മികൾക്കൊ ഉള്ള അവകാശം ചരിത്രപരമായിട്ടുള്ളതാണു്. ഇവിടെ പറഞ്ഞതായ ചില ഭൂമികൾ തിരുവിതാംകൂർ ഗവണ്മെന്റു് ആ സ്ഥലങ്ങൾ കൈവശപ്പെടുത്തുന്ന സമയം, അതു് ഒരു ഇടവക ഭൂമിയാണെങ്കിൽ അതിലെ ചീഫിനു് അല്ലെങ്കിൽ അതിൽനിന്നു ഭൂമി കൈയവശപ്പെടുത്തിയൊ അവക്കുമാത്രമോ അല്ലാത്തപക്ഷം അവരിൽനിന്നും കിട്ടിയതാർക്കാണോ അവർക്കൊ അവകാശമുള്ളതാണു്. മറ്റു ചില ഭൂമികൾ തിരുവിതാംകൂർ മഹാരാജാവു് തിരുമനസ്സിലേക്കു് ചെയ്തിട്ടുള്ള സേവനങ്ങൾക്കു് പ്രത്യുപകാരമായി വിട്ടുകൊടുത്തിട്ടുള്ള ഭൂമികളാണു്. ആ വക ഭൂമികൾ കരമൊഴിവായിട്ടുള്ളവയാണു്. ആ ഭൂമികളെ സംബന്ധിച്ചിടത്തോളം പണ്ടാരവക വസ്തുക്കളിൽനിന്നു് മഹാരാജാവു തിരുമനസ്സിലേക്കു് അല്ലെങ്കിൽ ഗവണ്മെന്റിനു് എന്തു് അവകാശം സിദ്ധിക്കുമോ ആ അവകാശമാണു് അവയുടെ ഉടമസ്ഥനായ ചീഫിനു അല്ലെങ്കിൽ ജന്മിക്കുള്ളതു്.

MR. P. NANOO : മഹാരാജാവുതിരുമനസ്സിനുള്ള എല്ലാ അധികാരങ്ങളും എല്ലാ ഇടവകകാര്യങ്ങളും അസൈൻ ചെയ്തുകൊടുത്തിട്ടുള്ളതായി ഒരു വ്യവസ്ഥയുണ്ടോ ?

HON'BLE MR. V. O. MARKOS : ഞാൻ ആ 'അധികാരം' എന്ന പദം ഉപയോഗിച്ചില്ല. കരം ഒഴിവായി വിട്ടുകൊടുത്തു എന്നു പറഞ്ഞാൽ

LIBRARY ARCHIVES Kerala Legislative Assembly

കരം കൊടുക്കാനുള്ള അവകാശം എന്ന അർത്ഥത്തിലാണ് അല്ലാതെ അധികാരം വിട്ടുകൊടുത്തു എന്ന അർത്ഥത്തിലല്ല. ആ സ്ഥലങ്ങളെ സംബന്ധിച്ചും മഹാരാജാവുതിരുമനസ്സിന് പരിപൂർണ്ണമായ അധികാരം ഉണ്ട്.

MR. ABDUL MAJEED : കരം ഒഴിവായി വിട്ടുകൊടുത്താൽ ഇഷ്ടം പോലെ ഏതുകരവും പിരിക്കാനുള്ള അവകാശം ഉണ്ടോ ?

HON'BLE MR. V. O. MARKOS : ആവയും ഇവിടുത്തെ നിയമത്തിനു വിധേയങ്ങൾതന്നെയാണ്. ആ സ്ഥലങ്ങളെ സംബന്ധിച്ചു തിരുവിതാംകൂർ ഗവണ്മെൻറിനു അടിയന്തിരങ്ങളായ ചട്ടങ്ങൾ ഉണ്ടാക്കുന്നതിനു അധികാരം ഉണ്ട്.

MR. N. V. CHACKO : ഇടവക ഭൂസ്തുക്കളിൽനിന്നു യാതൊരുവക കരവും ഗവണ്മെൻറിന് കിട്ടുന്നില്ലേ ?

HON'BLE MR. V. O. MARKOS : ഇടവക ഭൂമികളിൽനിന്ന് യാതൊരു കരവും ഗവണ്മെൻറിന് കിട്ടിക്കൊണ്ടിരിക്കുന്നില്ല. ആദായനികുതി ഇനത്തിൽപിരിക്കുന്നതുമാത്രമേ ഗവണ്മെൻറിനു കിട്ടുന്നുള്ളൂ.

MR. N. V. CHACKO : ജന്മിക്കരം ഇടാക്കുന്ന ചില വസ്തുക്കൾക്ക് ഗവണ്മെൻറ് കരം വസൂൽചെയ്യുന്നില്ലേ ?

HON'BLE MR. V. O. MARKOS : അത് ജന്മികുടിയാൻ റഗുലേഷനിലെ വ്യവസ്ഥ അനുസരിച്ച് ഈടാക്കുന്നതാണ്. അവ കൈയ്വശം ലഭിക്കുന്ന ആളുകളിൽനിന്നു പണ്ടാരവക വസ്തുക്കളെപ്പോലെ കരം ഈടാക്കുന്നുണ്ടു .

MR. N. V. CHACKO : പ്രതിഫലം കൊടുത്തു എടുക്കേണ്ട ഭൂമതല ഗവണ്മെൻറിനല്ലെന്നും കുടിയാനവന്മാർക്കാണെന്നും ഗവണ്മെൻറാശിക്കുന്നത് അബദ്ധമാണെന്നറിയാമോ ?

HON'BLE MR. V. O. MARKOS : നേരെമറിച്ച് ഞാൻ ഇനി പറയാൻ പോകുന്ന കാരണങ്ങൾകൊണ്ട് പണ്ടാരവക പാട്ടവസ്തുക്കളെ സംബന്ധിച്ചിടത്തോളം പൂർണ്ണാവകാശം കുടിയാനവന്മാർക്ക് ലഭിക്കണമെങ്കിൽ അവർ അതിന് പ്രതിഫലം കൊടുക്കേണ്ടതായുണ്ടെന്നു കാണാവുന്നതാണു .

MR. P. S. MUHAMMED : പണ്ടാരവകവസ്തുവും ജന്മികളുടെ വസ്തുവും തമ്മിലുള്ള വ്യത്യാസം പണ്ടാരവകയ്ക്കു സർക്കാരും ജന്മിവസ്തുക്കൾക്ക് ജന്മിമാരും കരം ഈടാക്കുന്നു എന്നുള്ളതല്ലേ?

LIBRARY ARCHIVES Kerala Legislative Assembly

HON'BLE MR. V. O. MARKOS : ' ജന്മികൾക്ക് കിട്ടുന്ന കരം പാട്ടം പോലെയുള്ളതാണെന്നും ജന്മികളിൽനിന്നും കരം ഈടാക്കുന്നില്ലെന്നും ഉള്ള താണ വ്യത്യാസം.

MR. P. S. MUHAMMED : ഈ വസ്തുക്കളെ പണ്ടാരവക വസ്തുക്കളെപ്പോലെ ഗണിച്ചു കരം ഈടാക്കാൻ ഗവണ്മെൻറിനു ഒരു വ്യവസ്ഥ ഉണ്ടാക്കിക്കൂടെ ?

HON'BLE MR. V. O. MARKOS : അതുമൂലം നിയമപ്രകാരം സ്ഥാപിച്ചിട്ടുള്ള ചില അവകാശങ്ങളെ ഹനിക്കുകയായിരിക്കും ചെയ്യുന്നത്. അതു ഗവണ്മെൻറുചെയ്യുന്നതു ന്യായമാണോ എന്നു സംശയമാണ്. ഏതായാലും ഒരുകാര്യം പ്രത്യക്ഷമാണ്. ഈ ഭൂമികളെ സംബന്ധിച്ചിടത്തോളം രണ്ടു കക്ഷികൾ മാത്രമല്ല ഉള്ളതു്, കൈയ്വശക്കാരും ഗവണ്മെൻറുമാത്രമല്ല. ഗവണ്മെൻറിൽനിന്നു അവകാശം സിദ്ധിച്ചിട്ടുള്ള മൂന്നാമതൊരു കക്ഷിക്കൂടിയുണ്ട്. അതുകൊണ്ടു സർക്കാർവക ഭൂമികളെ സംബന്ധിച്ചുള്ള നിയമങ്ങൾ ഈ ഭൂമികളെ സംബന്ധിച്ചും നടപ്പിലാക്കി ജന്മികൾക്കൊ, അല്ലെങ്കിൽ, ഇടവക ഭൂമികൾക്കോ അവകാശപ്പെട്ടിരിക്കുന്ന ഈ അവകാശങ്ങൾ നശിപ്പിച്ചുകളഞ്ഞിട്ടു മറേറതെങ്കിലും നിയമത്തിനു് അവ വിധേയമാക്കുന്നതു ഒരിക്കലും ന്യായമായിരിക്കുകയില്ല.

MR. T. A. ABDULLA : അതിനുള്ള ഒരവകാശം ഗവണ്മെൻറിനില്ലെന്ന അഭിപ്രായം ഉണ്ടോ ?

HON'BLE MR. V. O. MARKOS : ഞാൻ മനസ്സിലാക്കുന്നിടത്തോളം ഈ ഗവണ്മെൻറാകട്ടെ, മറെറാരു ഗവണ്മെൻറാകട്ടെ അങ്ങനെചെയ്യുന്നതു് തക്കതായ പ്രതിഫലം കൊടുത്തുകൊണ്ടുമാത്രമെ പാടുള്ളു എന്നും എങ്കിൽമാത്രമെ നിയമസാധുത്വം ഉള്ളു എന്നുമാണ്.

MR. PANDAVATHU SANKARA PILLAI : സെറിൽമെൻറുകാലത്തു് ഈ ഭൂമികൾക്കെല്ലാം ഗവണ്മെൻറുതന്നെയാണല്ലൊ സെറിൽമെൻറു നടത്തി കരം ചുമത്തിയതു്. അതുപോലെ അനുഭവമുള്ള ഭൂമികൾക്കു ഗവണ്മെൻറിൽനിന്നും ആദായം തിട്ടപ്പെടുത്തി കരം നിശ്ചയിക്കരുതോ ?

HON'BLE MR. V. O. MARKOS : ഞാൻ അതിനെപ്പറ്റി പറയുവാൻപോവുകയാണു്. ഇടവകഭൂമികളോ എസ്റ്റേറ്റുഭൂമികളോ ചില നിയമങ്ങൾക്കു വിധേയമായിട്ടുമാത്രമാണു് ഗവണ്മെൻറു സെറിൽമെൻറു നടത്തിയിട്ടുള്ളതു. എന്നാൽ അങ്ങനെ സെറിൽമെൻറു നടത്തിയതുകൊണ്ടു മുൻപു ജന്മികൾക്കോ ഇടവകയ്ക്കോ ഉണ്ടായിരുന്ന അവകാശങ്ങളെ യാതൊരുവിധത്തിലും നശിപ്പിച്ചുകളഞ്ഞിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

MR P. NANOO : ഇടപ്പള്ളിയും, കിളിമാന്തരും ഇടവകകളിലെ സെറിൽമെൻറിനും മറ്റു ഇടവകകളിലെ വസ്തുക്കളുടെ സെറിൽമെൻറിനും തമ്മിൽ വ്യത്യാസമുണ്ടോ ?

HON'BLE MR. V. O. MARKOS : വളരെ വ്യത്യാസമുണ്ടെന്നു തോന്നുന്നില്ല.

MR. P. NANOO : എന്തെങ്കിലും വ്യത്യാസമുണ്ടോ ?

HON'BLE MR. V. O. MARKOS : അതിനെപ്പറ്റി ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

ഇടപ്പള്ളി, കിളിമാന്തർ എന്നീ ഇടവകകളിൽ ഉൾപ്പെട്ട ഭൂമി തിരുവിതാംകൂറിന്റെ മദ്ധ്യഭാഗമായ സമതലപ്രദേശങ്ങളിൽ ഉൾപ്പെട്ട ഭൂമിയാണ്. കൃഷിയിട പ്രദേശമാണ്. എന്നാൽ വഞ്ചിപ്പുഴ, പൂഞ്ഞാർപ്രദേശങ്ങൾ മലംപ്രദേശങ്ങൾ ആണ്. അതുകൊണ്ടു ഇവയ്ക്കു തമ്മിൽ ചില വ്യത്യാസങ്ങൾ കണ്ടേക്കാം. ഇതെല്ലാമാണെങ്കിലും അതാതു സ്ഥലത്തിന് അനുകൂലമായവിധത്തിലാണു സെറിൽമെൻറു നടത്തിയതു് എന്നാണു ഞാൻ മനസ്സിലാക്കിയിട്ടുള്ളതു്. ഇടപ്പള്ളി, കിളിമാന്തർ എന്നീ ഇടവകഭൂമികളിലെ സെറിൽമെൻറു വളരെ മുൻപുതന്നെ, അതായതു രാജ്യത്തു പൊതുവായി സെറിൽമെൻറു നടത്തിയകാലത്തുതന്നെ സെറിൽമെൻറു നടത്തിയിട്ടുള്ളതാകുന്നു. അന്നു് കല്ലുപ്പാറ എസ്റ്റേറ്റു ഗവണ്മെൻറു അധീനതയിൽ ഇരിക്കുകയായിരുന്നു. ആ എസ്റ്റേറ്റു ഗവണ്മെൻറുരേണത്തിനു വിട്ടുകിട്ടിയപ്പോൾമാത്രമാണു് അവിടെ സെറിൽമെൻറു നടത്തിയതു്. ഇടപ്പള്ളിസമ്പത്തിലേക്കു സെറിൽമെൻറിനു വേണ്ടിവന്ന ചെലവിൽ ഒരു ഭാഗം ഗവണ്മെൻറിൽനിന്നു് ഈടാക്കിയിട്ടുണ്ടു്. എന്നാൽ കിളിമാന്തരിനെ സംബന്ധിച്ചിടത്തോളം അങ്ങനെ ഒന്നും ഈടാക്കിയിട്ടില്ല. അതിനു പ്രത്യേക കാരണങ്ങളും ഉണ്ടായിരുന്നു. പൂഞ്ഞാറിലും വഞ്ചിപ്പുഴയിലും സെറിൽമെൻറു നടത്തിയിട്ടുണ്ടു്. അതിന്റെ ചെലവിനെപ്പറ്റി ആ ഇടവക ആക്ടിൽതന്നെ പറഞ്ഞിട്ടുണ്ടു്. കിളിമാന്തരെ ടാക്ഷേഷൻ മിക്കവാറും ഗവണ്മെൻറു ഭൂമിയെ സംബന്ധിച്ചുള്ളതു പോലെയാണു്. പന്ത്രണ്ടു കൊല്ലത്തിനു മുൻപു് കൈസ്തശമുണ്ടായിരുന്ന ആളുകൾക്കു അവർ ഒരു കാശ്തും പ്രതിഫലം കൊടുക്കാതെ മറ്റു ഗവണ്മെൻറുഭൂമികളെപ്പോലെതന്നെ കൈസ്തശക്കാരുടെപേരിൽ സ്ഥിരമായിട്ടു പതിച്ചുകൊടുക്കുകയായിരുന്നു ചെയ്തതു്. ക്രൂടാതെ അതിനു മുൻപു കൊടുത്തുകൊണ്ടിരുന്ന പാട്ടത്തുക വ്യവസ്ഥചെയ്തു

LIBRARY ARCHIVES Kerala Legislative Assembly

[Hon'ble Mr. V. O. Markos]

ക്ഷപ്പെടുത്തി. ആ ലിമിറിനപ്പുറത്തു ഒരു തുക മേൽവാരമായി ഈടാക്കുന്നതിനുംകൂടി വ്യവസ്ഥയുണ്ടായിരുന്നു. ഇങ്ങനെ മൂന്നാമതൊരു കക്ഷിക്കു സ്ഥാപിതമായിട്ടുള്ള സിവിൽ റൈറ്റ്സിനെ കവച്ചുവച്ചു കൊണ്ടു നിയമം ഉണ്ടാക്കുന്നതു ഒരിക്കലും നീതിയായിരിക്കുകയില്ല.

ഒരു ജനകീയഗവണ്മെൻറിനു വിഹിതമായിരിക്കുന്നതു ഈ വസ്തുക്കൾ പ്രതിഫലംകൊടുത്തെടുക്കുക എന്നുള്ളതാണു. എന്നാൽ ഗവണ്മെൻറാണോ അതിനു പ്രതിഫലം കൊടുത്തെടുക്കേണ്ടതു എന്നുകൂടി ആലോചിക്കേണ്ടതാണ്. ഇന്നത്തെ കൈയ്യശക്കാർതന്നെയാണു പ്രതിഫലം കൊടുക്കേണ്ടതു, സാധാരണ ഗതിയിൽ, പണ്ടാരവകവസ്തുക്കൾക്കു കൊടുക്കുന്ന വിലയെക്കാൾ കുറച്ചു വിലയെ ഇത്തരം വസ്തുക്കൾക്കു കൊടുക്കേണ്ടിവന്നിട്ടുള്ളു എന്ന കാര്യവും വിസ്മരിച്ചുകൂടാത്തതാണ്.

MR. CHERIYAN J. KAPPAN : വളരെ നീചമായ ഉഴിയവേലയുടെ പ്രതിഫലമായിട്ടാണു പലർക്കും ഈ വസ്തുക്കൾ കിട്ടിയിട്ടുള്ളതെന്നറിയാമോ ?

HON'BLE MR. V. O. MARKOS : അതൊക്കെ അറിയാം. പക്ഷെ സാധാരണ ഗതിയിൽ ഞാൻ പറഞ്ഞതാണു ശരി.

MR. P. NANOO : എനിക്കു നേരിട്ടറിവുള്ള വസ്തുക്കളെ സംബന്ധിച്ചിടത്തോളം അങ്ങനെയല്ല.

HON'BLE MR. V. O. MARKOS : വളരെ വേഗത്തിൽ ഞാൻ പറഞ്ഞു മനസ്സിലാക്കാം. നാം ഒരു വസ്തു വാങ്ങിക്കാൻ ശ്രമിക്കുന്നപക്ഷം ആ വസ്തുവിൽനിന്നും ലഭിക്കുന്ന ആദായത്തെക്കൂടി പരിഗണിച്ചുകൊണ്ടായിരിക്കും വില നിശ്ചയിക്കുന്നതു്.

MR. PRESIDENT : Now the time being 4-30 p. m, it is for the house to decide about continuation of this business,

An Hon'ble member: We will finish with the subject today itself.

HON'BLE MR. V. O. MARKOS : സാധാരണയായി ഒരു വസ്തുവിന്റെ വിലനിശ്ചയിക്കുമ്പോൾ അതിനു ഒരു ഫാൻസി പ്രൈസ് വച്ചു എന്നുവരാം. എന്നാൽ മറുവിധത്തിൽ കുറവായിട്ടും മറും അതിന്റെ ആദായത്തിൽ എന്തു കുറവുവരുമെന്നു കണക്കാക്കിയിട്ടാണ് വില അവസാനമായി നിശ്ചയിക്കുന്നതു്.

MR. P. NANOO : ക ാ വ ു വരെ കുരുമെല്ലാം ഒന്നുപോലെ ആയിരുന്നുവെന്നറിയാമോ ?

LIBRARY ARCHIVES Kerala Legislative Assembly

HON'BLE MR. V. O. MARKOS: അവശതകൾ വളരെ അനുഭവിക്കുന്നുണ്ടെന്ന് എനിക്കറിയാം. ഇപ്പോൾ മാസ്റ്റർ ചെറിയാൻ പറഞ്ഞു, പൂഞ്ഞാറിലെ വസ്തുക്കൾക്കു പണ്ടാരവക വസ്തുക്കളെക്കാൾ കൂടുതൽ വിലയുണ്ടെന്ന്. ഇന്നു തിരുവിതാംകൂറിൽ തിരുവനന്തപുരത്തും, ആലപ്പുഴയിലും, കോട്ടയത്തും മറ്റും ഉള്ളതിനെക്കാൾ കൂടുതൽ വില തൊട്ടപുഴയിലുള്ള സ്ഥലത്തിനുകാണും. അതൊക്കെ അസാധാരണ പരിതഃസ്ഥിതികൾകൊണ്ടു വന്നിട്ടുള്ളതാണ്. ചില പ്രത്യേക സാഹചര്യങ്ങളിൽ അങ്ങനെ സംഭവിക്കാം. സാധാരണമായി ആകെ കിട്ടുന്ന ആദായത്തിൽനിന്നും കരം മുതലായ ചെലവുകൾ കഴിച്ചേ ആദായമായി കണക്കാക്കി വില നിർണ്ണയിക്കാറുള്ളൂ. അഗ്രികൾച്ചറൽ ടാക്സു അധികം ചുമത്തുന്നു എന്ന് ഇവിടെ പറയുകയുണ്ടായി. എന്നാൽ ജന്മികൾക്ക് കൊടുക്കേണ്ട തുക നീക്കി ബാക്കിയുള്ള ആദായം മാത്രമാണ് അസ്സെസ് ചെയ്യുന്നതെന്ന് എന്റെ സ്നേഹിതന്മാർ മനസ്സിലാക്കുമെന്നു ഞാൻ വിശ്വസിക്കുന്നു.

അതുകൊണ്ടു പ്രധാനമായി ഒരു പ്രശ്നംമാത്രമെ ഉള്ളൂ. ഇതു പണ്ടാരവക വസ്തുക്കളോടു സമീകരിച്ചാൽ അതിനുള്ള പ്രതിഫലം എത്ര കൊടുക്കും? ജന്മിക്കരവും മറ്റും ഏർപ്പെടുത്തിയിരിക്കുന്നതു ജന്മിമാർക്കു വസ്തുവിന്റെ ഉടമയ്ക്കും അവകാശത്തിനും ഉള്ള പ്രതിഫലമായിട്ടല്ല. അവർക്കു ലഭിക്കേണ്ട ആദായത്തിന്റെ ഒരംശം ജന്മിക്കരമായി അവർക്കു ലഭിക്കുന്നുവെന്നേയുള്ളൂ.

MR. CHERIYAN J. KAPPAN: അടിമത്തേട്ടങ്ങൾ എങ്ങനെയാണെന്നു പറയാമോ?

HON'BLE MR V. O. MARKOS: അടിമത്തേട്ടങ്ങൾ ഇതിൽനിന്നു വളരെ വ്യത്യസ്തമായിട്ടുള്ളവയാണു.

MR. N. DANIEL JOSE: May I know whether the Government will have to take up the position to compensation?

HON'BLE MR. V. O. MARKOS: Government will not be justified in paying compensation for the sake of these terms because it will be unfair on the rest of the population of this country.

അതുകൊണ്ടു ജന്മികൾക്കു ഇപ്പോഴുള്ള അവകാശം അവരിൽനിന്നും എടുത്തു കുടിയാന്മാർക്കുതന്നെ കൊടുക്കണമെന്നു ഗവണ്മെന്റു നിശ്ചയിക്കുന്നപക്ഷം ന്യായമായി അതിലേക്കു ഒരു പ്രതിഫലംകൂടി കൊടുക്കേണ്ടിവരും. അതാരു കൊടുക്കണം? മദ്രാസ്സിൽ സെമിന്ദാരി സിസ്റ്റം നിർത്തലാക്കിയതു ഗവണ്മെന്റിൽനിന്നും കാമ്പൻസേഷൻ

LIBRARY ARCHIVES Kerala Legislative Assembly

കൊടുത്തിട്ട് അതു തുക കുടിയാനവന്മാരിൽനിന്നും പലതവണകളിലായി ഈടാക്കാൻ വ്യവസ്ഥചെയ്തിരിക്കുകയാണെന്നാണ് എന്റെ അറിവ്.

MR. CHERIYAN J KAPPAN : ഇവിടെയും ഗവണ്മെൻറു അങ്ങനെ ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ ?

HON'BLE MR. V. O. MARKOS : സമയമില്ലാത്തതുകൊണ്ടു അതിനു മറുപടി പറയാൻ നിവൃത്തിയില്ല. ഗവണ്മെൻറ് ഈ സ്ഥലങ്ങൾ ഉടനെ കുടിയാനവന്മാക്കു സ്ഥിരാവകാശമായി കൊടുക്കണമെന്നു പറഞ്ഞാൽ അതു ശരിക്കും ന്യായമായിരിക്കുകയില്ല. ജന്മിമാരെ സംബന്ധിച്ചും മറുള്ളവരെ സംബന്ധിച്ചും അങ്ങനെ ചെയ്യുന്നതു അനീതിയായിരിക്കും. ഇങ്ങനെയെല്ലാമാണെങ്കിലും ഈ പ്രമേയത്തിനു ആസ്പദമായിരിക്കുന്ന വസ്തുക്കളിൽ ബേസിക് ടാക്സു ഏർപ്പെടുത്തിക്കാണുവാൻ ഗവണ്മെൻറിനും ആകാംക്ഷയുണ്ട്. അതു നടപ്പിൽ വരുത്താൻ വേണ്ടതു ചെയ്യണമെന്നും ഗവണ്മെൻറ് ആഗ്രഹിക്കുന്നു. ഇതേപ്പറ്റി വേണ്ട അന്വേഷണം നടത്തിയതിനുശേഷം റിപ്പോർട്ടു സമർപ്പിക്കുവാൻ ശരിയായപ്രതിനിധ്യമുള്ള ഒരു കമ്മിറ്റിയെ ഗവണ്മെൻറ് നിയമിക്കുന്നതാണു. ഗവണ്മെൻറിന്റെ ആലോചനയിലിരിക്കുന്ന ഒരു വിഷയവുമാണിതു. റിപ്പോർട്ടുവന്നതിൻശേഷം ഇതിന്റെ എല്ലാ വശങ്ങളേയും പറ്റി ആലോചിച്ചു വേണ്ടതുചെയ്യാം.

MR. U. K. VASUDEVAN ASARI: അടുത്ത സെഷനു മുമ്പു് ആ റിപ്പോർട്ടു വരുത്താൻ ശ്രമിക്കുമോ ?

HON'BLE MR. V. O. MARKOS : അതു കമ്മിറ്റിയിലെ ആളുകളുടെ ഉത്സാഹത്തേയും ഊർജ്ജസ്വലതയേയും ആശ്രയിച്ചിരിക്കും അവരുടെ പ്രവർത്തനം എപ്പോൾ അവസാനിക്കുമെന്നു് ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

MR. PANDAVATHU SANKARA PILLAI : അടുത്ത സെഷനു മുമ്പായിട്ടെങ്കിലും കമ്മിറ്റിയെ നിയമിക്കുമോ ?

HON'BLE MR. V. O. MARKOS : അതു തീർച്ചയായും ഉണ്ടാകും.

MR. ABDUL AZIZ : ഇന്നത്തെ ലാൻഡു പാളിസി മാറാതെ ഇക്കാര്യത്തിൽ എന്തെങ്കിലും ചെയ്യാൻ കഴിയുമെന്നു ഗവണ്മെൻറു വിചാരിക്കുന്നുണ്ടോ ?

HON'BLE MR. V. O. MARKOS : ഇന്നത്തെ ലാൻറുപാളിസി അധികം വ്യത്യാസപ്പെടുത്താതെതന്നെ ഇക്കാര്യത്തിൽ സെമിന്ദാരി സമ്പ്രദായത്തെ സംബന്ധിച്ചു മദ്രാസു ഗവണ്മെൻറു ചെയ്തതുപോലെയോ,

LIBRARY ARCHIVES Kerala Legislative Assembly

അല്ലെങ്കിൽ അതിനോടനുരൂപമായോ എന്തെങ്കിലും ചെയ്യാൻ കഴിയുമോ എന്നാണു ഗവണ്മെൻറ് നോക്കുന്നത്.

MR. P. BALAKRISHNAN THAMPI: കണ്ടുകൃഷിവസ്തുക്കളെ സംബന്ധിച്ച് എന്തെങ്കിലും വ്യവസ്ഥചെയ്യാൻ പാടില്ലേ?

HON'BLE MR. V. O. MARKOS: കണ്ടുകൃഷി ശ്രീപാദം തുടങ്ങിയ ഇനം വസ്തുക്കൾ ഈ നിയമസഭയുടെ അധികാരത്തിൽ വരുന്നതല്ല. ഏതായാലും ഇന്നു ഈ പ്രമേയത്തിൽ ഉൾപ്പെട്ടിരിക്കുന്ന ഭൂമികളെ സംബന്ധിച്ച് ഗവണ്മെൻറിന്റെ നയം എന്തായിരിക്കുമെന്നു പറഞ്ഞു കഴിഞ്ഞു. അതുകൊണ്ട് മിസ്റ്റർ നാണു ഈ പ്രമേയം പിൻവലിക്കുമെന്നു വിശ്വസിക്കുന്നു.

MR. P. NANOO: സർ, മൂന്നാമതു ഒരു കക്ഷിക്കൂടി ഉള്ളതുകൊണ്ട് ആ കക്ഷിയെക്കൂടി ചേർത്ത് കമ്മിറ്റി രൂപീകരിക്കുന്നതു നന്നായിരിക്കുമെന്നുള്ള അഭിപ്രായത്തോടു ഞാൻ പൂർണ്ണമായി യോജിക്കുന്നു. എന്നാൽ ഈവക വസ്തുക്കളെ സംബന്ധിച്ചു സർക്കാരിനുള്ള അധികാരം എന്താണെന്നു ആദ്യം അന്വേഷിച്ചതിൻശേഷം മറ്റുകാര്യങ്ങളെക്കുറിച്ചു പരിചിന്തിക്കാൻ നിർദ്ദേശം നൽകുമോ?

HON'BLE MR. V. O MARKOS: ആദ്യം അതേപ്പറ്റി അന്വേഷിക്കാം.

MR. PRESIDENT: Does Mr. Nanoo press the resolution.

MR. P. NANOO: പ്രമേയം പിൻവലിക്കാൻ സഭയുടെ അനുവാദത്തിനു അപേക്ഷിക്കുന്നു.

(സഭയുടെ അനുമതിയോടുകൂടി പ്രമേയം പിൻവലിച്ചു)

MR. PRESIDENT: ഈ സഭ ഇപ്പോൾ പിരിയുന്നതും അടുത്ത തിങ്കളാഴ്ച രാവിലെ പതിനൊന്നു മണിക്കു വീണ്ടും കൂടുന്നതുമാണു.

The House adjourned at 4-40 P. M.

V. KRISHNAMOORTHI AIYER,
Secretary to the Legislative Assembly.

LIBRARY ARCHIVES Kerala Legislative Assembly